(സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ കീഴിൽ അങ്കമാലിയിലെ ഇന്റർ നാഷണൽ സ്കിൽസ് പാർക്കിൽ ഓയിൽ & റിംഗ്, ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, ഓട്ടോമോട്ടീവ്, മൾട്ടി സ്കിൽ, സെക്യൂരിറ്റി (ഇന്റർനാഷണൽ), ഹോസ്പിറ്റാലിറ്റി, റീട്ടെൽ, ടീച്ചിംഗ്, പരമ്പരാഗത മേഖലകളായ ഹാൻഡ് ലൂം, ഫിഷറി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ഉടൻ പ്രവർത്തനം ആരംഭിക്കും. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുകയാണ്. ബാങ്കിംഗ് & ഫിനാൻസ്, സയന്റിഫിക് ഇലക്ട്രോളിസിസ് എന്നീ മേഖലകളിൽ കെയ്സ് അക്രെഡിറ്റഡ് കോഴ്സുകൾ ആരംഭിച്ചു കഴിഞ്ഞു. കൊല്ലം ജില്ലയിലും കോഴിക്കോട് ജില്ലയിലും കൗശലകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. കൂടാതെ പാലക്കാട് ജില്ലയിൽ കൗശലകേന്ദ്രം ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എൻഹാൻസ്മെന്റ് (NICE)-ന്റെയും സെക്യൂരിറ്റി മേഖലയിൽ National Centre for Advanced Training in Security (CAT)-യുടെയും സെന്ററുകൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

തൊഴിലാളി സംരക്ഷണം

308 (997) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് സംരക്ഷണം നൽകാൻ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ നൽകുന്നതിനായി സർക്കാർ നേരിട്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് പെൻഷനും നൽകുന്നുണ്ട്.

(ബി) തൊഴിലാളികളുടെ തൊഴിൽ രംഗത്തെ പരിരക്ഷയും സാമൂഹിക സുരക്ഷയും ഉറപ്പുവരുത്തുക എന്നുള്ളതാണ് ഉദ്ദേശ്യലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽനിന്നും ജില്ലാ ലേബർ ഓഫീസർ മുഖേന അർഹരായ തൊഴിലാളികൾക്ക് ധനസഹായം നൽകുന്നു. ക്ഷേമനിധിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് മുഖേന ധനസഹായം നൽകുന്നു. 16 ക്ഷേമബോർഡുകൾവഴി 27 പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്.

സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ അഭ്യസ്തവിദ്യരുടെ കണക്കെടുപ്പ്

309 (998) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ അഭ്യസ്തവിദ്യരുടെ കണക്കെടുപ്പ് നടത്താൻ തൊഴിൽ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; അതിൽ ഐ.ടി മേഖലയിലുള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള പാക്കേജുകൾ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് കെട്ടിടം

310 (999) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പെരിങ്ങോം ഐ.ടി.ഐ. സ്ഥാപിക്കുന്നതിലേക്കായി അനുവദിക്കപ്പെട്ട ബ്ലോക്ക് നമ്പർ 39 റീ-സർവ്വേ 51-ൽപ്പെട്ട 2.0235 ഹെക്ടർ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ലഭ്യമായ 350 ലക്ഷം രൂപയുടെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ, കെട്ടിട നിർമ്മാണത്തിന് വേണ്ടിയുള്ള പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുവേണ്ടി പയ്യന്നൂർ പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഐ.ടി.ഐ. പ്രിൻസിപ്പാൾ നിർദ്ദേശം നൽകുകയും ആയത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും പ്ലാനും എസ്റ്റിമേറ്റും എത്രയും പെട്ടെന്ന് തയ്യാറാക്കുന്നതാണെന്ന് അറിയിക്കുകയുമുണ്ടായി. നിലവിൽ പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ കണ്ടെത്തുന്നതിനുള്ള കവ്വേഷൻ നടപടികൾ പി.ഡബ്ല്യു.ഡി. അധികൃതർ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly